**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3000** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടലിൽ അപകടങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് ഓഖി പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി 7.15 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. ഇതിനായുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിലാണ് പരിശീലനം നൽകിയത്. പതിനഞ്ചു ദിവസത്തെ ട്രൈനിങ്ങിൽ പവർ ബോട്ട് ഹാൻഡ്ലിംഗ്, ജീവൻ രക്ഷ ഉപകരണങ്ങളുടെ ഉപയോഗം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഒരു യാനത്തിൽ ഉടമസ്ഥൻ ഉൾപ്പടെ മൂന്ന് മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട ഒരു ഗ്രൂപ്പ് എന്ന കണക്കിൽ അഞ്ചു ഗ്രൂപ്പുകൾ ചേർന്ന് ഒരു യൂണിറ്റ് എന്ന നിലയിൽ ആണ് കടൽ സുരക്ഷാ സ്ക്വാഡ് പ്രവർത്തിച്ചു വരുന്നത്. പരിശീലനം നേടിയ മത്സ്യത്തൊഴിലാളികൾക്കു യൂണിഫോം, തൊപ്പി, എന്നിവയും സ്ക്വാഡ് യൂണിറ്റിൽ ഉൾപ്പെടുന്ന യാനങ്ങൾക്കു ലൈഫ്ബോയ്, ജി.പി.എസ്, ടോർച്ച് തുടങ്ങിയവയും നൽകിയിട്ടുണ്ട്. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഈ യാനങ്ങളും പരിശീലനം നേടിയ മത്സ്യത്തൊഴിലാളികളും ഏതുസമയത്തും സന്നദ്ധരാണെന്നുള്ള ഒരു ഉടമ്പടിയും നിലവിലുണ്ട്. പ്രളയ സമയത്തും കനത്ത മഴ ഉണ്ടാകുന്ന സമയങ്ങളിലും സ്വമേധയാ തന്നെ ഇവർ സേവനത്തിനു തയ്യാറായിട്ടുള്ളതുമാണ്. 781 മത്സ്യത്തൊഴിലാളികൾക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്. 583.96 ലക്ഷം രൂപ പദ്ധതിയ്ക്കായി |

| | | | |
|---|---|---|---|
| | | | ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ബാക്കിയുള്ളവർക്ക് ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കടലിൽ അപകടത്തിൽ പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നേടിയ 100 റെസ്ക്യു ഗാർഡുമാരെ തെരഞ്ഞെടുത്ത് 10 പേര് വീതം സംസ്ഥാനത്തെ 10 മത്സ്യബന്ധന തുറമുഖങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഓഖി പദ്ധതികളിൽ ഉൾപ്പെട്ട കടൽ സുരക്ഷാ സ്ക്വാഡ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും 900 പേർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (NIWS) ഗോവയിൽ പരിശീലനം നൽകി. കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിക്കുന്നതിനായി ഭരണാനുമതി നൽകി. പരിശീലനത്തിനായി ജില്ലകളിൽ അപേക്ഷ ക്ഷണിക്കുകയും ഈ അപേക്ഷകരുടെ ആരോഗ്യ പരമായ അവസ്ഥ/ഫിറ്റ്നസ് എന്നിവ പരിശോധിക്കുകയും NIWS ഉദ്യോഗസ്ഥർ നേരിട്ടെത്തി അപേക്ഷകരുടെ നീന്തൽ പ്രാവീണ്യ പരിശോധന നടത്തി കരട് അർഹതാ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു. ആയതിനു ശേഷം പതിനഞ്ചു ദിവസത്തെ പരിശീലനം ഗോവയിൽ വച്ച് നടത്തുന്നു. പതിനഞ്ചു ദിവസത്തെ ട്രൈനിങ്ങിൽ പവർ ബോട്ട് ഹാൻഡ്‌ലിംഗ്, ജീവൻ രക്ഷ ഉപകരണങ്ങളുടെ ഉപയോഗം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഇവരുടെ training fees, food & accommodation, യാത്ര ചെലവ് എന്നിവയ്ക്ക് പുറമെ ഓരോ ദിവസവും സ്റ്റൈപൻറ്റ ആയി 700/- രൂപയും ഇവർക്ക് നൽകുന്നു. പരിശീലനം കഴിഞ്ഞു സർട്ടിഫിക്കറ്റും നൽകുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കി 119 പേർക്ക് കൂടി പരിശീലനം നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>NIWS ൽ നിന്നു പരിശീലനം നേടുന്ന മത്സ്യത്തൊഴിലാളികളുടെ സർട്ടിഫിക്കറ്റ് കാലാവധി പൂർത്തിയാകുന്ന മുറക്ക് നാല് ദിവസത്തെ സർട്ടിഫിക്കറ്റ് റീവാലിഡേഷൻ ട്രൈനിങ് കൂടി ഇവർക്ക് നൽകി വരുന്നു. |
| (സി) | ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നേടിയ മത്സ്യത്തൊഴിലാളികളുടെ തുടർസേവനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | NIWS ൽ നിന്നും പരിശീലനം നേടുന്ന മത്സ്യത്തൊഴിലാളികളുടെ സർട്ടിഫിക്കറ്റ് കാലാവധി പൂർത്തിയാകുന്ന മുറക്ക് നാല് ദിവസത്തെ സർട്ടിഫിക്കറ്റ് റീവാലിഡേഷൻ ട്രൈനിങ്ങിനു തുക വകയിരുത്തുന്നുണ്ട്. ഇപ്രകാരം 2022-2023 (24 ലക്ഷം), 2023-2024 (15ലക്ഷം), 2024-2025 |

| | | | |
|---|---|---|---|
| | | | (15ലക്ഷം) വർഷങ്ങളിൽ തുക അനുവദിച്ചിരുന്നു. ഇതുവരെ 214 പേർ റീവാലിഡേഷൻ ട്രൈനിങ്ങിൽ പങ്കെടുത്തു. NIWS-ൽ നിന്നും പരിശീലനം നേടുന്ന മത്സ്യത്തൊഴിലാളികളെ ഫിഷറീസ് വകുപ്പ് 9 തീരദേശ ജില്ലകളിലായി കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്ന റെസ്ക്യൂ ബോട്ടുകളിൽ ലൈഫ് ഗാർഡുമാരായി ദിവസവേതനാടിസ്ഥാനത്തിൽ താത്കാലികമായി നിയമിച്ചുവരുന്നുണ്ട്. കൂടാതെ ഹാർബറുകൾ കേന്ദ്രീകരിച്ച് രക്ഷാപ്രവർത്തനം നടത്തുന്നതിന് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോട്സിൽ പരിശീലനം നേടിയ 100 റെസ്ക്യൂ ഗാർഡുമാരെ തെരഞ്ഞെടുത്ത് 10 പേര് വീതം സംസ്ഥാനത്തെ 10 പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ ബജറ്റിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | 2024-25 വർഷത്തെ ബഡ്ജറ്റിൽ റീവാലിഡേഷൻ ട്രൈനിംഗിനായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കടൽ സുരക്ഷാ സ്ക്വാഡ് പദ്ധതിയ്ക്കായി CMDRF ഫണ്ടിൽ നിന്നും 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി നാളിതുവരെ 583.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ